**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6487** **10-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്ന പദ്ധതിയുടെ ഭാഗമായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചതെന്നും ഇനിയും ഏതൊക്കെയാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്ന പദ്ധതിയുടെ ഭാഗമായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് തിരുവമ്പാടി മണ്ഡലത്തിൽ നവീകരിച്ച വില്ലേജ് ഓഫീസുകളുടെയും നവീകരിക്കാൻ ഉദ്ദേശിക്കുന്ന വില്ലേജ് ഓഫീസുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തിരുവമ്പാടി മണ്ഡലത്തിൽ നവീകരിച്ച വില്ലേജ് ഓഫീസുകളുടെയും നവീകരിക്കാൻ ഉദ്ദേശിക്കുന്ന വില്ലേജ് ഓഫീസുകളുടെയും വിശദാംശങ്ങൾ**

| ക്രമ നമ്പർ | വില്ലേജ് | പ്രവൃത്തി |
|---|---|---|
| 1 | പുതുപ്പാടി | 2019-20 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| 2 | ഈങ്ങാപ്പുഴ | നിലവിൽ പഴയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വില്ലേജ് ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രൊപ്പോസൽ സമർപ്പിയ്ക്കുവാൻ കഴിയുകയുള്ളൂ. |
| 3 | കോടഞ്ചേരി | റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| 4 | കൂടത്തായി | ജനകീയ സമിതി വഴി നവീകരണ പ്രവൃത്തി നടത്തിയിട്ടുള്ളതാണ്. |
| 5 | നെല്ലിപ്പൊയിൽ | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യ വികസനം പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ചു മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ. |
| 6 | തിരുവമ്പാടി | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യ വികസനം പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ചു മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ. |
| 7 | കൂടരഞ്ഞി | ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യ വികസനം പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ചു മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ. |
| 8 | നീലേശ്വരം | 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മാണവും ഫർണ്ണീച്ചറും ഉൾപ്പെടുത്തിയ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| 9 | താഴക്കോട് | റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| 10 | കുമാരനല്ലൂർ | 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചുറ്റുമതിൽ നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുള്ളതും 2019-20 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മാണത്തിനു ഭരണാനുമതി |

| | | |
|---|---|---|
| | | നൽകിയിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ചതും 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ചതുമാണ്. |
| 11 | കക്കാട് | എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇതിനോടകം പ്രവൃത്തി പൂർത്തീകരിച്ചതാണ്. |
| 12 | കൊടിയത്തൂർ | 2017-18 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി പൂർത്തീകരിച്ചതും 2018-19 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |